"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25 — വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1015 ന് (എറണാകുളം) ധനസഹായം അനുവദിക്കുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.282/2024/Co-Op തീയതി,തിരുവനന്തപുരം, 11-06-2024

---

പരാമർശം:- 1. 14/07/2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

2. സഹകരണ സംഘം രജിസ്ട്രാറുടെ 03/03/2024, 15/05/2024 എന്നീ തീയതികളിലെ പി&എം.ബി (6) 6144/2023നം കത്ത്.

**<u>ഉത്തരവ്</u>**

സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും ഔട്ട് ലെറ്റുകൾ സ്ഥാപിക്കുന്നതിനുമായി വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1015-ന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വാരപ്പെട്ടി ഗ്രീൻ പ്രൊഡക്റ്റ് യൂണിറ്റിൽ തേങ്ങ, ചക്ക, ഏത്തപ്പഴം, പൈനാപ്പിൾ എന്നിവ മൂല്യവർദ്ധിതഉൽപ്പന്നങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ച 150.00 ലക്ഷം രൂപയുടെ പ്രപ്പോസലിന് (ഓഹരി - 75.00 ലക്ഷം, സബ്സിഡി 75.00 ലക്ഷം) 14.07.2023 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകാരം നൽകിയിരുന്നു. വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പ്രോജക്റ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്ന മുൻകൂട്ടി ചെയ്തു കഴിഞ്ഞ പ്രവർത്തനങ്ങൾ ഒഴിവാക്കി പുതുതായി ചെയ്യാനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ പ്രപ്പോസൽ സമർപ്പിക്കുന്നതിനും ആയത് സർക്കാരിൽ സർക്കുലേറ്റ് ചെയ്യണമെന്നും യോഗത്തിൽ തീരുമാനിച്ചിരുന്നു. അപ്രകാരം പുതുക്കിയ പ്രപ്പോസൽ പരാമർശം (2) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സമർപ്പിക്കുകയും, 2024-25 സാമ്പത്തികവർഷത്തിൽ പ്രസ്തുത ധനസഹായത്തിന്റെ മാർഗ്ഗരേഖ അംഗീകരിച്ച് പുതുക്കിയ പ്രപ്പോസൽ സമർപ്പിക്കുന്നതിന് ധനകാര്യ വകുപ്പ് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

2. മേൽ സംഘത്തിന്റെ നേതൃത്വത്തിൽ കപ്പ, ചക്ക, ഏത്തപ്പഴം, പൈനാപ്പിൾ എന്നിവ സംഭരിച്ച് പ്രോസസ്സിംഗ് നടത്തി ആയത് വാരപ്പെട്ടി ട്രേഡ് മാർക്ക് ഉപയോഗിച്ച് വിപണനം നടത്തി വരുന്ന പദ്ധതി വിപുലീകരിക്കുന്നതിന് വേണ്ടി, സഹകരണ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ധനസഹായപദ്ധതി പ്രകാരം 150.00 ലക്ഷം രൂപ ചുവടെ പറയും പ്രകാരം ധനസഹായം 2024-25 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന്, പ്രസ്തുത ധനസഹായത്തിന്റെ മാർഗ്ഗരേഖ സഹിതം പരാമർശം (2) കത്തുകൾ പ്രകാരം

സഹകരണ സംഘം രജിസ്ട്രാർ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

| | |
|---|---|
| ഓഹരി — 4425-108-23 | 75.00 ലക്ഷം |
| സബ്സിഡി — 2425-108-25 | 75.00 ലക്ഷം |
| ആകെ | 150.00 ലക്ഷം |

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. "സഹകരണ ഉൽപന്നങ്ങളുടെ ഉൽപാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം" എന്ന പദ്ധതി പ്രകാരം വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1015-ന് കപ്പ, ചക്ക, ഏത്തപ്പഴം, പൈനാപ്പിൾ എന്നിവ സംഭരിച്ച് പ്രോസസ്സിംഗ് നടത്തി ആയത് വാരപ്പെട്ടി ട്രേഡ് മാർക്ക് ഉപയോഗിച്ച് വിപണനം നടത്തി വരുന്ന പദ്ധതി വിപുലീകരിക്കുന്നതിന് വേണ്ടി, 2024-25 സാമ്പത്തികവർഷത്തിൽ ചുവടെ പറയും പ്രകാരം ധനസഹായം അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| ഓഹരി — 4425-108-23 | 75.00 ലക്ഷം |
| സബ്സിഡി — 2425-108-25 | 75.00 ലക്ഷം |
| ആകെ | 150.00 ലക്ഷം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡീഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

പ്രസിഡന്റ് , വാരപ്പെട്ടി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1015-ന്(എറണാകുളം)
(സഹകരണ സംഘം രജിസ്ട്രാർ മുഖേന )

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/24/2024/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 11-06-2024 16:40:04

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ ക്ക്.

3. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറി